(ബി) 14-1-1980-ലെ കോടതിവിധി പ്രകാരം 1980-ന് മുൻപുള്ള കൈവശക്കാരൻ സർക്കാരിലേക്ക് എത്ര ഭൂമിയാണ് സറണ്ടർ ചെയ്തതെന്നും ഇതിൽ എത്ര ഭൂമി സ്വകാര്യ വ്യക്തി കൈവശപ്പെടുത്തി അനധികൃതമായി പോക്കുവരവ് ചെയ്തെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഭൂമി സർക്കാർ ഭൂമിയാണെന്ന് രേഖകൾ ഉള്ള സ്ഥിതിക്ക് എന്തുകൊണ്ടാണ് ആയത് തിരികെ എടുക്കാത്തതെന്നും ആയതിൽ എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ വിജിലൻസ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ സ്വകാര്യ വ്യക്തിയെ സഹായിച്ചുവെന്ന നിഗമനം നിലനിൽക്കുന്നതുകൊണ്ട് മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുമോ;

(ഇ) 1996 ആഗസ്റ്റ് 14-ന് മുട്ടട എസ്.ആർ.ഒ. യിൽ 2821/96-ാം നമ്പർ ആധാര പ്രകാരം വിൽപ്പന നടത്തിയ വ്യക്തിക്ക് മാർക്കറ്റബിൾ ടൈറ്റിൽ ഇല്ലെങ്കിൽ ആധാരം റദ്ദ് ചെയ്യുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്

176 [2614] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
„ *ജോസഫ് എം. പുതുശ്ശേരി:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ആരംഭിക്കുന്ന സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനമേഖല വിശദമാക്കാമോ;

(ബി) പ്രകൃതി ദുരന്തങ്ങളെ നേരിടുന്നതിനുവേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾക്ക് ജില്ലാതലത്തിൽ രൂപം നൽകുവാൻ പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) ഓരോ ജില്ലയിലുമുള്ള പ്രകൃതിദുരന്ത സാധ്യതകൾ മുൻകൂട്ടി വിലയിരുത്തുവാനും നേരിടുവാനുമുള്ള തയ്യാറെടുപ്പുകൾക്ക് പദ്ധതി നടപ്പിലാക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയിനിംഗ് നൽകുവാനുള്ള സംവിധാനം സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) — (ഡി) സമഗ്രമായ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് ബില്ലിന് സംസ്ഥാനം രൂപം നൽകിയിട്ടുണ്ട്. ഈ ആക്ട് പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് പ്രത്യേക അതോറിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഒരു സ്കൂൾ ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് ആരംഭിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിലെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയ്ക്കായി ചില പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്.

കേരള ഗ്രീനറി മിച്ചഭൂമി ഏറ്റെടുക്കാൻ നൽകിയ അപേക്ഷ

177 [2615] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ സർവേ നമ്പർ 2423-ൽ 1 മുതൽ 14 വരെയുള്ള 18 ഏക്കർ ഒരു സെന്റ് ഭൂമി സർക്കാർ മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മിച്ചഭൂമി ലഭിക്കുന്നതിന് ഭൂരഹിതരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) മേൽ സർവ്വേ നമ്പരിൽപ്പെട്ട ഭൂമി, കേരള ഗ്രീനറി എന്ന സംഘടനയ്ക്ക് പാട്ടത്തിന് നൽകാൻ ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് അപേക്ഷിച്ചത്; കേരള ഗ്രീനറി എന്ന സംഘടന എന്താവശ്യത്തിനാണ് ഭൂമി പാട്ടത്തിന് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തനമേഖല ഏതാണെന്നും അറിയിക്കാമോ;

(ഡി) കേരള ഗ്രീനറി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 15-12-2000-ൽ മിച്ചഭൂമിയായി ഏറ്റെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly